**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് -വിജിലൻസ് റിപ്പോർട്ട് - തലശ്ശേരി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2067/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 20.06.2017

---

പരാമർശം

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ 13(എസ്.സി 05/2012/KNR)12431/2012 നമ്പർ കത്ത്.
2. സർക്കാരിൽ നിന്നുള്ള 26.02.2014 തീയതിയിലെ കുറ്റാരോപണ മെമ്മോ.
3. നഗരകാര്യഡയറക്ടറുടെ 30.09..2016 തീയതിയിലെ വി2-5544/14 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തലശ്ശേരി നഗരസഭയിൽ 27.02.2012 ന് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ ആകസ്മിക പരിശോധനയിൽ ടി നഗരസഭയിൽ ഡി&ഒ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ ഫീസ് ഈടാക്കുന്നുണ്ടെങ്കിലും ഡിക്ളറേഷൻ/കൺസന്റിന്റെ സാധ്യത പരിശോധിക്കുകയോ പുതുക്കൽ ലൈസൻസ് നിശ്ചിത ഫോറത്തിൽ അനുവദിക്കുകയോ ചെയ്തിരുന്നില്ല എന്നും 12/1051 നമ്പർ കെട്ടിടത്തിൽ വ്യാപാര ലൈസൻസ് ഇല്ലാതെ ഒരു ഇരുചക്രവാഹനകട പ്രവർത്തിക്കുന്നുവെന്നും കമ്മ്യൂണിറ്റി ഹാൾ-ഓഡിറ്റോറിയങ്ങൾ കല്യാണ മണ്ഡപം ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല എന്നും കെട്ടിട നിർമ്മാണ അപേക്ഷകളിൽ അനുമതി നൽകുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്നും കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല എന്നും കണ്ടെത്തിയതിനെത്തുടർന്ന് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം 1 ലെ ശുപാർശ അനുസരിച്ച്, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.ഉസ്മാൻ ചാലിയാടൻ, ശ്രീ. ബാബുരാജ് പി.പി.,ശ്രീ. പി.നാരായണൻ, ശ്രീമതി. സുഗതകുമാരി എന്നിവർക്കെതിരെ പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയുണ്ടായി.

2. കുറ്റാരോപണമെമ്മോയ്ക്ക് മേൽ ജീവനക്കാരുടെ മറുപടിയുടേയും പ്രസ്തുത ആരോപണത്തിൻമേലുള്ള കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം ശ്രീ. ബാബുരാജ് പി.പി സമർപ്പിച്ച മറുപടിയിൽ കുറ്റാരോപണപത്രികയിൽ സൂചിപ്പിച്ച 12/1051 നമ്പർ കെട്ടിടം ടിയാന്റെ ചുമതലയിലുള്ള ഡിവിഷൻ പരിധിയിലാണെന്ന് വ്യക്തമാകുന്നു. ഡിവിഷൻ പരിധിയിലെ ഡി&ഒ ലിസ്റ്റ് പരിശോധന നടത്തി തയ്യാറാക്കി വരുന്നത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണെന്നും ഭാരിച്ച ജോലിത്തിരക്കുകൾക്കിടയിൽ പത്തോളം വാർഡുകളിലെ എല്ലാ

കച്ചവട സ്ഥാപനങ്ങളും സൂപ്പർവിഷന്റെ ഭാഗമായി പരിശോധിക്കാൻ സാധിക്കാത്തതിനാൽ random പരിശോധനയാണ് താൻ നടത്തിയിരുന്നത് എന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പഴയ വാഹനങ്ങളുടെ കച്ചവടം ആയിരുന്നു 12/1051 നമ്പർ കടയിൽ നടന്നതെന്നും ആയത് എല്ലാ ദിവസവും തുറന്ന് പ്രവർത്തിച്ചിരുന്നില്ലെന്നും ടിയാൻ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3. ആരോപണ വിധേയരായ 4 പേരും, ഡി&ഒ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത് നിശ്ചിത ഫോറത്തിൽ അല്ലായെന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് അംഗീകരിച്ചിട്ടുള്ളതും ആയത് ജോലിത്തിരക്ക് കാരണമാണെന്നും അറിയിച്ചിരിക്കുന്നു. കുറ്റാരോപിതരായ ജീവനക്കാരിൽ ശ്രീ.പി.നാരായണൻ 31.10.2012 ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ളതും ടിയാന്റെ നടപടി കാരണം സാമ്പത്തികനഷ്ടം സംഭവിച്ചിട്ടില്ലെന്ന വസ്തുതയും പരിഗണിച്ച് അച്ചടക്കനടപടികളിൽനിന്നും ഒഴിവാക്കണമെന്നും ശേഷിക്കുന്ന 3 ജീവനക്കാരുടെ പേരിൽ ടിയാൾക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോയിൻമേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റാരോപിതരായ ജീവനക്കാരിൽ തലശ്ശേരി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.പി.നാരായണൻ 31.10.2012 ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ളതും ടിയാന്റെ നടപടി കാരണം സാമ്പത്തികനഷ്ടം സംഭവിച്ചിട്ടില്ലെന്ന വസ്തുതയും പരിഗണിച്ച് ടിയാനെ അച്ചടക്കനടപടികളിൽനിന്നും ഒഴിവാക്കിയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ തലശ്ശേരി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.ഉസ്മാൻ ചാലിയാടൻ, ശ്രീ. ബാബുരാജ് പി.പി., ശ്രീമതി. സുഗതകുമാരി എന്നിവർക്ക് 'സെൻഷർ' നൽകിയും ടിയാളുകൾക്കെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.ഉസ്മാൻ ചാലിയാടൻ, ഹെൽത്ത് ഇൻസ്പെക്ടർ തലശ്ശേരി നഗരസഭ
ശ്രീ. ബാബുരാജ് പി.പി.,ഹെൽത്ത് ഇൻസ്പെക്ടർ,തലശ്ശേരി നഗരസഭ
ശ്രീമതി. സുഗതകുമാരി, ഹെൽത്ത് ഇൻസ്പെക്ടർ, തലശ്ശേരി നഗരസഭ
ശ്രീ.പി.നാരായണൻ,ഹെൽത്ത് ഇൻസ്പെക്ടർ(റിട്ട.), തലശ്ശേരി നഗരസഭ
} (നഗരകാര്യഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ